122 (1854) കാറ്റു വീഴ്ച

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ വർഷവും തെങ്ങിന് കാറ്റുവീഴ്ചമൂലം കേരകർഷകർക്ക് ഉണ്ടാകുന്ന നഷ്ടം എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല.

123 (1855) വരൾച്ചമൂലമുള്ള തെങ്ങു കൃഷി നാശം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വരൾച്ച നിമിത്തം തെങ്ങ് കൃഷിക്ക് നാശം സംഭവിച്ച കേര കർഷകർക്ക് ഓരോ വർഷവും എന്തു സഹായം വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) വരൾച്ചമൂലം സംസ്ഥാനത്ത് ഓരോ വർഷവും എത്ര തെങ്ങുകൾക്ക് നാശം സംഭവിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) തെങ്ങുകൃഷിയ്ക്ക് ഓരോ വർഷവും സബ്സിഡി നൽകുന്നതിന് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) വരൾച്ചകൊണ്ടുമാത്രം നശിച്ച തെങ്ങുകളുടെ കണക്ക് ലഭ്യമല്ല. വിളനാശത്തിന് 1996-97 മുതൽ നൽകിയ ധനസഹായത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

1996-97 : 5 കോടി രൂപ

1997-98 : 7 കോടി രൂപ

1998-99 : 7 കോടി രൂപ

(സി) നാളികേര കൃഷി വികസനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്ന സംയോജിത നാളികേര വികസന പദ്ധതിക്ക് അനുവദിച്ച തുക താഴെ ചേർക്കുന്നു.

1996-97 : 33.57 കോടി രൂപ

1997-98 : 8.89 കോടി രൂപ

1998-99 : 14.936 കോടി രൂപ

1999-2000 : 16.33 കോടി രൂപ

124 (1856) ഏലക്കൃഷി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഏലക്കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ എത്ര ഹെക്ടർ ഏല ത്തോട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ ഏലത്തോട്ടങ്ങൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ലാഭമു ണ്ടായി എന്ന് വ്യക്തമാക്കുമോ?

(ഇ) ഈ ഏലത്തോട്ടങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെ ങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സുഗന്ധവിള ബോർഡാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നത്. സുഗന്ധവിള ബോർഡ് താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സ്ഥിരമായ തോട്ട സന്ദർശനവും ഗ്രൂപ്പ് ചർച്ച, കൃഷിക്കാരുമായുള്ള മീറ്റിംഗ് എന്നിവ മുഖേന ഏലം കർഷകരെ ശാസ്ത്രീയമായ കൃഷിരീതികൾ പഠിപ്പിക്കുന്നു.

2. 25% സഹായത്തോടെ നടീൽ വസ്തുക്കൾ വിതരണം നടത്തുന്നു.

3. മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിന് ജലസംഭരണികൾ, കിണറു കൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം ചെയ്യുന്നു. നബാർഡിന്റെ സഹായത്തോടെയും സംസ്ഥാന സർക്കാരിന്റെ സഹായത്തോ ടെയും ഉള്ള സംയുക്ത സഹായം ആണ് ഇത്.

4. പ്രായമായതും രോഗം ബാധിച്ചതും ആയ ഏലം ചെടികളെ മാറ്റി പകരം പുതിയ ഏലം തൈകൾ വച്ചു പിടിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 12,500/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

(ബി)-(ഇ) ഇക്കാര്യത്തെ സംബന്ധിച്ചുള്ള വിവരം കൃഷി വകുപ്പിൽ ലഭ്യമല്ല.

125 (1857) റബ്ബർ കയറ്റുമതി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് ഓർഡർ ലഭി ച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ടണ്ണിന് ഓർഡർ ലഭിച്ചു;

(സി) ഈ സാമ്പത്തികവർഷം എത്ര ടൺ കയറ്റി അയയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) റബ്ബർ കയറ്റി അയയ്ക്കുന്നതിന് ഏതെല്ലാം ഏജൻസികളെ ആണ് നിയോഗിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly